പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **1851**

16.06.2014 ൽ മറുപടിയ്ക്ക്

## കിളിക്കോട്ടുകോണം ജിൻസ് എന്ന വ്യക്തിയുടെ അസ്വാഭാവിക മരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കിളിമാനൂർ പോങ്ങനാട് കിളിക്കോട്ടു കോണം രാജേന്ദ്രന്റെ മകൻ ജിൻസ് അസ്വാഭാവികമായി കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ടുള്ള ക്രൈം നമ്പർ 1185/13 കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (എ) കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ബി) പ്രസ്തുത കേസ്സിന്റെ അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ ; | (ബി) കിളിമാനൂർ പോലീസ് ഇൻസ്പെക്ടറാണ് ഈ കേസിന്റെ അന്വേഷണം നടത്തി വരുന്നത്. |
| (സി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് എത്ര പേരെ പ്രതി ചേർത്തിട്ടുണ്ടെന്നും പ്രതി ചേർക്കപ്പെട്ടവരുടെ പേരു വിവരം വ്യക്തമാക്കാമോ ; | (സി) നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതാകുന്നു. |
| (ഡി) പ്രസ്തുത കേസ്സിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ഡി) പ്രസ്തുത കേസ്സിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ